## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3212** **26-06-2024 - ൽ മറുപടിയ്ക്ക്**

## ചാത്തന്നൂർ ആനാഞ്ചാൽ കടവിൽ നടപ്പാലം നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 1.25 കോടി രൂപ വിനിയോഗിച്ച് പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ വിഭാഗം)കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ നിർവ്വഹണ ചുമതലയിൽ ചാത്തന്നൂർ ഗ്രാമ പഞ്ചായത്തിലെ ഇത്തിക്കര ആറിലെ ആനാഞ്ചാൽ കടവിൽ നടപ്പാലം നിർമ്മിക്കുന്നതിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (എ) | പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും പാലത്തിന്റെ പ്രാഥമിക ഡിസൈൻ ഡ്രോയിംഗ്, ഡിസൈൻ വിഭാഗത്തിൽ നിന്ന് ലഭിക്കുകയും ചെയ്തു. എന്നാൽ രൂപകൽപ്പനയിൽ നിർമ്മാണത്തിനാവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതിനാൽ ആയത് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം വഴി ലഭ്യമാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ